*മിസ്റ്റർ പി. ടി. ജേക്കബ്ബ്: മിസ്റ്റർ പ്രസിഡണ്ട്, സർ, ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനു വലിയ കാര്യങ്ങളിലേക്കൊന്നും പ്രവേശിക്കാതെ അടുത്തു നടന്ന ഒന്നരണ്ടു സംഗതികൾ മാത്രം ഗവണ്മെണ്ടിന്റേയും ഈ സഭയുടേയും മുമ്പാകെ കൊണ്ടുവരാമെന്നാണു ഞാൻ വിചാരിക്കുന്നതു്. മട്ടാഞ്ചേരിയിലെ കാര്യംതന്നെ ഞാൻ ആദ്യമായി ഇവിടെ പറയാം.

ജന്മി അല്ലാത്ത ഒരു മുതലാളി,—ജന്മിമാരെപ്പറ്റിയാണെല്ലോ അധികം ആക്ഷേപം പറയാറുള്ളതു്—മട്ടാഞ്ചേരിയിലുണ്ടു്. അയാളുടെ കയ്യിൽ ഇരിക്കുന്ന ഒരു വസ്തു ഈയ്യിടെ കിട്ടിയ അമ്മതമുതാൻ കോവിലകംവക പാട്ടവസ്തു ആണു്. അവിടെ വളരെക്കാലമായി, പുരാതനമായി, താമസിച്ചിരിക്കുന്നവരായ കുടിയാന്മാരെ എല്ലാം ഇദ്ദേഹത്തിന്റെ കൈവശം വസ്തു കിട്ടിയതിനുശേഷം അവിടെനിന്നു് ഇറക്കിവിടുവാൻ ശ്രമിക്കുന്നതായി അറിയുന്നുണ്ടു്. നാളെയോ മറന്നാളോ ആയി ഏതാണ്ടു് പത്തറുപതു വീട്ടുകാർ അവിടെനിന്നു കുടിയിറങ്ങിക്കൊടുക്കണമെന്നാണു് ആവശ്യപ്പെട്ടിരിക്കുന്നതു്. അങ്ങിനെ കുടിയിറങ്ങിപ്പോകുന്നവരും താമസിക്കുവാൻ വീടുകളില്ലാത്തവരുമായ സാധുക്കളുടെ കാര്യത്തിൽ നമ്മുടെ ഗവണ്മെണ്ടു് എന്താണു് ചെയ്യുവാൻ പോകുന്നതെന്നാണു് ഞാൻ ചോദിക്കുന്നതു്. പൊതു മരാമത്തുമന്ത്രി അവർകൾ പറഞ്ഞതു് നിയമം അടുത്തുതന്നെ ഉണ്ടാക്കുന്നുണ്ടെന്നാണു്.

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: അതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ടെന്നാണു് പറഞ്ഞതു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ആ നിർദ്ദേശങ്ങളനുസരിച്ചുള്ള നിയമം വരുന്നതിനു മുമ്പായിതന്നെ സാധുക്കളെ കുടിയിറക്കിവിടുന്ന സമ്പ്രദായത്തിനു്, കൺട്രോൾ മെഷേഴ്സുണ്ടാക്കുവാനും മറ്റും ഇൻഡ്യാ ഗവണ്മെണ്ടിന്റെ നിയമം ഇവിടെ നടപ്പിൽ വരുത്തുന്നതുപോലെയുള്ള സമ്പ്രദായം സ്വീകരിച്ചു് കുടിയിറക്കിവിടുന്ന ഏർപ്പാടു് നിറുത്തലാക്കുവാനായി തല്ക്കാലം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തണം. ഈ നാട്ടിലെ ഒരു പ്രജക്കു് ധൈര്യത്തോടുകൂടിതന്നെ കുടുംബത്തിൽ ജീവിക്കുവാൻ സാധിക്കുമെന്നുള്ള നില വരുത്തിവെക്കേണ്ട ചുമതല ഗവണ്മെണ്ടിനുണ്ടു്. ജന്മികളുടെ അവകാശം എടുത്തുകളയണമെന്നു ഞാൻ പറയുന്നില്ല. കുടികിടപ്പുകാക്കു അവിടെതന്നെ കിടക്കുവാനുള്ള സ്ഥിരത ഉണ്ടായിരിക്കണം. വേലയെടുക്കുന്നവക്കു് ഒരു ഫാക്ടറിയിൽ വേലയെടുക്കുവാനും ഇന്ന കൂലി കിട്ടണമെന്നു പറയുവാനും അവകാശമുണ്ടായിരിക്കുന്നതുപോലെ ഈ നാട്ടിലെ ഒരു പ്രജക്കു് സംശയലേശംകൂടാതെ ജീവിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം. അവനു കഴിഞ്ഞുകൂടുവാനുള്ള വഴിപോലുമില്ലാതെ കഷ്ടപ്പെടുകയാണു് ചെയ്യുന്നതു്. അവനു താമസിക്കുവാനുള്ള സൌകര്യമുണ്ടാകണം.

വേറെ ഒരു ഉദാഹരണം പറയാം. ചില മുതലാളിമാർ അന്യരാജ്യങ്ങളിൽനിന്നു് ഇവിടെവന്നു വലിയ വലിയ കെട്ടിടങ്ങൾ വാടകക്കുവാങ്ങി താമസിച്ചുകൊണ്ടു് സാധുക്കൾ താമസിക്കുന്ന സ്ഥലങ്ങൾ വിലകൊടുത്തു വാങ്ങി അവിടെയുള്ള കുടികിടപ്പുകാരെയെല്ലാം മാറ്റി അവിടെ വീടുകൾ വെച്ചു.....

Mr. President: Are you going to finish now?

Mr. P. T. Jacob *(Latin Christians-Mattancherri)*: I may be allowed to continue to-morrow.

Election of Deputy President—Announcement from the Chair

Mr. President: I want to make an announcement. Only two nomination papers for the election of the Deputy President of the Council have been received upto 12 noon to-day. Both are in favour of Mr. P. K. Dewer. Proposers and seconders are as follows.

1. Proposed by Mr. K. T. Achuthan and seconded by Mr. P. Narayana Menon.
2. Proposed by Mr. M. K. Raja and seconded by Mr. Paramel Ipe Ipe.

As Mr. P. K. Dewer is the only member nominated within the prescribed time he is declared to be duly elected as Deputy President. I would like to offer my hearty congratuiations to Mr. P. K. Dewer, since according to the rules, I do not have another opportunity in this House to congratulate him. I express the great gratification I feel at his election because Mr. Dewer, happens to see an old student of mine. I wish him all success in his new office.

The House rose for the day at 5 p. m.

P. NARAYANA SWAMI
Secretary to the Council

Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly